പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

28.02.2018 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.804

## സ്വകാര്യ തൊഴിൽ മേഖലകളിൽ കരാർ വ്യവസ്ഥ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ വ്യവസായസൗഹൃദം എന്ന പേരിൽ സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലയിലും കരാർ വ്യവസ്ഥ കൊണ്ടു വരുന്നതിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലയിൽ കരാർ വ്യവസ്ഥ കൊണ്ടുവരുന്നത് ഈ സർക്കാരിന്റെ നയമല്ല. |
| (ബി) ഇതിനായി കരാർ തൊഴിലാളി നിയമവും വ്യവസായ-തൊഴിൽ ചട്ടവും മാറ്റുന്നത് നമ്മുടെ തൊഴിൽ മേഖലയെയും തൊഴിലാളികളെയും ഏതെല്ലാം തരത്തിൽ ബാധിക്കും എന്നറിയിക്കാമോ; | (ബി) സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായി വേണ്ടിവരുന്ന നിയോജനങ്ങളിലും സ്ഥാപനത്തിന്റെ വരുമാനവുമായി നേരിട്ട് ബന്ധപ്പെട്ടതുമായ നിയോജനങ്ങളിലും വർഷം മുഴുവൻ നിലനിൽക്കുന്നതുമായ (സീസണൽ അല്ലാത്ത) നിയോജനങ്ങളിൽ കരാർ തൊഴിലാളികളെ നിയമിക്കുന്നത് റദ്ദ് ചെയ്യാൻ ഉള്ള അധികാരം സമുചിത സർക്കാരിൽ നിക്ഷിപ്തമാണ്. മേൽപ്പറഞ്ഞ നിയോജനങ്ങളിൽ കരാർ തൊഴിലാളികളെ നിയോഗിക്കുന്നതിന് സാധ്യമാവുന്ന രീതിയിൽ നിയമഭേദഗതി നടപ്പിലാക്കുകയാണെങ്കിൽ ജീവനക്കാർക്ക് Continuous Service നഷ്ടപ്പെടുന്നതിനും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെ അത് പ്രതികൂലമായി ബാധിക്കുന്നതിനും സാധ്യതയുണ്ട്. |
| (സി) ഇതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | (സി) സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലയിൽ കരാർ വ്യവസ്ഥ കൊണ്ടുവരുന്നതിനോട് ഈ സർക്കാരിന് യോജിപ്പില്ല. |

Sreeus
സെക്ഷൻ ഓഫീസർ